"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.റവ-എ2/49/2021-റവ
റവന്യൂ(എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01/10/2021

<u>സർക്കുലർ</u>

വിഷയം:- റവന്യൂ വകുപ്പ് - കൈവശാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ - അപേക്ഷകന്റെ സത്യവാങ്മൂലം - നിർബന്ധമാക്കി - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1.സ.ഉ(കൈ) നം.269/2019/റവ,തീയതി 22.08.2019.

2.ബഹു.ഹൈക്കോടതിയുടെ 25.06.2020ലെ WP(C) 17983/2019, 29865/19 & 32098/2019 നമ്പർ കേസിലെ പൊതുവിധിന്യായം

3.ബഹു.ഹൈക്കോടതിയുടെ 29.07.2020ലെ WP(C) 17983/2019, 29865/19 & 32098/2019 നമ്പർ കേസിലെ വിധിന്യായം

4.സ.ഉ(കൈ) നം.290/2020/റവ,തീയതി 02.12.2020.

5.CoC.274/2021 മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 08.09.2021 ലെ വിധിന്യായം.

ബഹു.ഹൈക്കോടതി NOC നിർബന്ധമാക്കിയിട്ടുള്ള ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ,കണ്ണൻദേവൻഹിൽസ്,ശാന്തൻപാറ,വെള്ളത്തൂവൽ,ആനവിലാസം,പള്ളിവാസൽ,ആനവിരട്ടി,ബൈസൺവാലി എന്നീ വില്ലേജുകളിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന നിർദ്ദേശം നൽകി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

തുടർന്ന് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WPC 17983/2019,29865/19 & 32098/2019 എന്നീ കേസുകളിൽ പരാമർശം 2,3 പ്രകാരം പൊതു വിധിന്യായം പുറപ്പെടുവിക്കുകയും 29.07.2020 ലെ വിധിന്യായത്തിൽ മേൽപ്പറഞ്ഞിട്ടുള്ള സർക്കാർ ഉത്തരവിലെ തീരുമാനം സംസ്ഥാനം മുഴുവൻ ബാധകമാക്കുവാൻ ഉത്തരവാകുകയുണ്ടായി

ബഹു.ഹൈക്കോടതിയുടെ 25.06.2020 ലെ പൊതുവിധിന്യായത്തിന്റെ വെളിച്ചത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് Possession Certificate നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി കേരള ലാന്റ് അസൈൻമെന്റ് ആക്ട് 1960, പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ട പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ possession certificate അനുവദിക്കുവാൻ പാടുള്ളുവെന്നും പരാമർശം 4 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്ന് പരാതിപ്പെട്ടു കൊണ്ട് ബഹു.ഹൈക്കോടതിയിൽ

ശ്രീമതി.മേരി ജോസഫ് കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്യുകയും തുടർന്ന് കൈവശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം, ഭൂമി പട്ടയം ലഭിച്ചതാണോ അല്ലയോ എന്നതിൽ ഒരു സത്യവാങ്മൂലം അപേക്ഷകൻ നൽകണമെന്ന് നിഷ്ക്കർഷിച്ച കൊണ്ട് ബഹു.ഹൈക്കോടതി പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ബഹു.ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം കൈവശ ഭൂമി പട്ടയം ലഭിച്ചതാണോ അല്ലയോ എന്നത് സംബന്ധിച്ച് അപേക്ഷകന്റെ ഒരു സത്യവാങ്മൂലം കൂടി (അനുബന്ധമായി ചേർക്കുന്നു) കൈവശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കുവാൻ നിഷ്കർഷിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകുന്നു.പ്രസ്തുത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

മേൽ പ്രകാരമുള്ള സത്യവാങ്മൂലം കൈവശാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഇ-ആപ്ലിക്കേഷൻ പോർട്ടലിൽ ചേർക്കുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സത്വരം സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

കെ ബിജു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ് (ആവശ്യമായ നടപടിക്കായി)
4. പഞ്ചായത്ത് ഡയറക്ടർ.
5. എല്ലാ ജില്ലാ കളക്ടർമാർക്കും (സംസ്ഥാനത്തെ എല്ലാ തഹസീൽദാർമാർക്കും,വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം അടിയന്തിരമായി ലഭ്യമാക്കുന്നതിനായി)
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

File No.REV-A2/49/2021-REV

<u>സത്യവാങ്മൂലം</u>

എന്റെ കൈവശത്തിൽ ------------------ ജില്ലയിൽ ---------------- താലൂക്കിൽ ------------- വില്ലേജിൽ ------------------- തണ്ടപ്പേർ നം. ------------- സർവ്വേ നം./ റീ സർവ്വെ നം. ----------------- പ്പെട്ട ---------------- ആർ/ഏക്കർ/ഹെക്ടർ ഭൂമിയോ അത് ഉൾപ്പെട്ട വന്ന ഭൂമിയോ എനിക്കോ / ഈ ഭൂമിയുടെ മുൻ ഉടമസ്ഥർക്കോ സർക്കാർ പതിച്ച് നല്കിയതല്ല / ------------- ചട്ടപ്രകാരം ----------------- തീയതിയിൽ ---------------- നമ്പരായി പതിച്ച് നല്കിയതാണെന്ന് ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്യുന്നു.

മേൽ പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമബോദ്ധ്യത്തിലും ശരിയാണെന്നും തെറ്റായ വിവരം ധരിപ്പിക്കുന്നത് നിയമപ്രകാരം കുറ്റകരമാണെന്ന വിവരം ബോദ്ധ്യമുണ്ടെന്നും ഞാൻ നൽകുന്ന വിവരം പിന്നീട് തെറ്റാണെന്ന് കണ്ടെത്തുന്ന പക്ഷം ഞാൻ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച സാക്ഷ്യപത്രം റദ്ദാക്കപ്പെടുമെന്ന് അറിവുണ്ടെന്നും ഇതിനാൽ പ്രസ്താവിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്

സ്ഥലം

പേര്

തീയതി

മേൽവിലാസം